# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 01

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പ്രളയ നഷ്ടപരിഹാരം: അപ്പീൽ അപേക്ഷകൾ 56671

ജില്ലയിലുണ്ടായ പ്രളയ നഷ്ടത്തെ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപ്പീൽ അപേക്ഷകൾ 56671. ഏഴ് താലൂക്കുകളിൽ നിന്നായി ജൂൺ 25 മുതൽ 30 വരെ കളക്ടറേറ്റിൽ സ്വീകരിച്ച അപേക്ഷകൾ 46771 ആണ്. 2019 ജനുവരി 31 നു ശേഷം ലഭിച്ച 9900 രജിസ്ട്രേഡ് അപേക്ഷകളും അടക്കമാണ് ഇതേവരെ 56671 അപ്പീൽ അപേക്ഷകളായത്. അപേക്ഷകളിൽ ഉള്ള ആവർത്തനങ്ങൾ പരിശോധിച്ച് അന്തിമ കണക്ക് ഉടൻ റവന്യൂ വകുപ്പ് പുറത്തുവിടും. ഇനി അപ്പീൽ അപേക്ഷകൾ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കില്ലെന്ന് ജില്ലാ കളക്ടർ ടി വി അനുപമ അറിയിച്ചു.

## വായനപക്ഷാചരണം:

## അകക്കണ്ണ് കാമ്പയിന് തുടക്കമായി

വായനപക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ കാഴ്ചയില്ലാത്തവരെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുന്നതിനായി ശബ്ദപുസ്തകങ്ങൾ സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള അകക്കണ്ണ് കാമ്പയിന് തുടക്കമായി. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ ഷീജു അദ്ധ്യക്ഷത വഹിച്ചു.

തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ബ്ലൈൻഡ് അസോസിയേഷനുകൾ, അന്ധവിദ്യാലയങ്ങൾ, ലൈബ്രറി കൗൺസിൽ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് കാഴ്ചശേഷിയില്ലാത്തവർക്കായി ശബ്ദപുസ്തകങ്ങൾ സമാഹരിക്കുന്നത്. കാഴ്ചപരിമിതർക്ക് പുസ്തകം വായിക്കുന്നതിനുള്ള ആഗോളതല ഫോർമാറ്റായ ഡെയ്സി (ഡിജിറ്റൽ ആക്സസിബിൾ ഇൻഫർമേഷൻ സിസ്റ്റം) ഉപയോഗപ്പെടുത്തിയാണ് ശബ്ദപുസ്തകങ്ങൾ തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായി പുസ്തകങ്ങൾ വായിച്ച് റെക്കോർഡ് ചെയ്ത് നൽകാൻ തയ്യാറുള്ളവരിൽ നിന്നും അവ ശേഖരിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ ശബ്ദപുസ്തകങ്ങളായി കൺവർട്ട് ചെയ്യും. കാഴ്ചയില്ലാത്തവർക്ക് പുസ്തകം കേട്ടനുഭവിക്കാനുള്ള അവസരമാണ് ഇതിലൂടെ ഒരുങ്ങുന്നത്. പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ശബ്ദപുസ്തകം തയ്യാറാക്കുന്നതിന് സന്നദ്ധത അറിയിച്ചു കഴിഞ്ഞു. അകക്കണ്ണ് കാമ്പയിനുമായി സഹകരിക്കാൻ തയ്യാറുള്ളവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്ന് ലഭിക്കും.

ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ ആർ സുമേഷ്, കൊടകര പഞ്ചായത്ത് പ്രസിഡണ്ട് പി ആർ പ്രസാദൻ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. വിജു വാഴക്കാല, ഇൻഫർമേഷൻ ആൻഡ്

പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി പി സുലഭകുമാരി തുടങ്ങിയവർ സംസാരിച്ചു. അസിസ്റ്റന്റ് എഡിറ്റർ പി പി വിനീഷ് പദ്ധതി വിശദീകരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ് സ്വാഗതവും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ആർ ബിജു നന്ദിയും പറഞ്ഞു.

# വായനുടെ മഹത്വം ഉയർത്തിപിടിക്കണം: ഡോ. ധർമ്മരാജ് അടാട്ട്

വായനയുടെ മഹത്വം ഉയർത്തിപിടിക്കേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് എഴുത്തുകാരനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ധർമ്മരാജ് അടാട്ട്. ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിലിൽ വായനാപക്ഷാചരണത്തിന്റെ ഭാഗമായി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തിയ മാറുന്ന ലോകം മാറുന്ന വായന സെമിനാറും അകക്കണ്ണ് കാമ്പയിൻ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരിച്ച് കൊണ്ടുവരാനുള്ള ശ്രമമാണ് ഒരു വിഭാഗം നടത്തുന്നത്. കേരളീയ സമൂഹം ആർജ്ജിച്ച പുരോഗമന നേട്ടങ്ങളെ പിന്നോട്ടടിപ്പിക്കാനുള്ള ശ്രമമാണിത്. പഠിക്കാനും വഴി നടക്കാനും ഉള്ള അവകാശം വലിയ വിഭാഗം ജനങ്ങൾക്ക് നിഷേധിച്ച ഭൂതകാലം കേരളത്തിനുണ്ടായിരുന്നു. സമരങ്ങളിലൂടെയാണ് മനുഷ്യനെ അശുദ്ധനായി കണ്ടിരുന്ന ഈ ആചാരങ്ങളെ നാം മറികടന്നത്. വായന മനുഷ്യ മനസ്സിനെ സംസ്കരിക്കുന്ന ഏറ്റവും മികച്ച ഉപാധിയാണ്. വായനയിലൂടെ നമുക്ക് സമൂഹത്തിൽ ശാന്തിയുടെ ഇടം സൃഷ്ടിക്കാം. വായനയിലൂടെ ലോകത്തേക്ക് എത്തുക എന്നത് വളരെ പ്രധാനമാണ്. പുസ്തകങ്ങൾ വായനാനുഭവം നൽകുന്നതോടൊപ്പം നമ്മെ തിരുത്തുകയും ചെയ്യുന്നു. നമ്മുടെ സമൂഹത്തെ നവീകരിക്കുന്നതിൽ വായന വഹിച്ച പങ്ക് വലുതാണ്. ഇന്ന് സമൂഹത്തിൽ ഉയർന്ന സ്ഥാനങ്ങളിലിരിക്കുന്നവർ പോലും അശാസ്ത്രീയതയും യുക്തിരാഹിത്യവും പ്രചരിപ്പിക്കുന്ന നിർഭാഗ്യകരമായ അവസ്ഥയാണ് ഉള്ളത്. ആധുനിക ശാസ്ത്രനേട്ടങ്ങൾ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് തന്നെ നിലവിലുണ്ടായിരുന്നു എന്ന നിലയിലുള്ള അവകാശവാദങ്ങൾ അപകടകരമാണ്. ഈ സാഹചര്യത്തിൽ വായനയുടെയും എഴുത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപിടിക്കുക എന്നത് വളരെ പ്രധാനമാണ്. കാഴ്ചയില്ലാത്തവർക്കായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ നടക്കുന്ന അകക്കണ്ണ് കാമ്പയിൻ മാതൃകപരമാണ്. കാഴ്ചയില്ലാത്തവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ ഇത്തരം പദ്ധതികൾ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ ഷീജു അദ്ധ്യക്ഷത വഹിച്ചു. ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ ആർ സുമേഷ്, കൊടകര പഞ്ചായത്ത് പ്രസിഡണ്ട് പി ആർ പ്രസാദൻ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. വിജു വാഴക്കാല, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി പി സുലഭകുമാരി എന്നിവർ സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

# കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി യോഗം 9 ന്

കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി ജൂലൈ ഒൻപത് രാവിലെ 11 ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സർക്കാർ സർവീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന സാമുദായികവും സാമൂഹ്യപരവുമായ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ/നിവേദനങ്ങൾ സ്വീകരിക്കും.

## ദുരന്തനിവാരണത്തിന് ഷെൽട്ടർ നിർമ്മിക്കും

ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം വില്ലേജ് വളപ്പിൽ ദുരന്തനിവാരണ വകുപ്പ് ഷെൽട്ടർ നിർമ്മിക്കുമെന്ന് കെ.വി അബ്ദുൾ ഖാദർ എംഎൽ എ. അറിയിച്ചു. സൈക്ലോൺ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഷെൽട്ടർ നിർമിക്കുന്നത്. മൂന്ന് കോടി അറുപത്തി മൂന്ന് ലക്ഷം രൂപയുടെ പ്രൊജക്റ്റാണ് ഇത്. ഡിസാസ്റ്റർ മാനേജ്മെൻറ് വകുപ്പ് വിവിധോദ്ദേശങ്ങളോടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനും മറ്റും ഷെൽട്ടർ കെട്ടിടം ഏറെ സഹായകരമാകുമെന്നും എംഎൽഎ വ്യക്തമാക്കി.

## ജില്ലാ ആസൂത്രണ സമിതി

ജില്ലാ ആസൂത്രണസമിതി യോഗം ജൂലൈ രണ്ടിന് വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## പുനർക്വട്ടേഷൻ

ചാലക്കുടി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് സമുച്ചയത്തിൽ 2019 ജൂലൈ 15 മുതൽ രണ്ട് വർഷക്കാലം കാന്റീൻ നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 11 രാവിലെ 11 മണി. ഫോൺ : 0480-2830922.

## മേഴ്സി ചാൻസ്

പത്തനംതിട്ട ആറന്മുള വാസ്തുവിദ്യാ ഗുരുകുലം 1994 മുതൽ ട്രഡീഷണൽ ആർക്കിടെക്ച്ചറിൽ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പി ജി ഡിപ്ലോമയ്ക്കും ഏകവത്സര/ദ്വിവത്സര മ്യൂറൽ പെയിന്റിങ് കോഴ്സുകളിൽ പ്രവേശനം നേടിയ പൂർത്തീകരിച്ച് പരീക്ഷ എഴുതി പരാജയപ്പെട്ടവർക്കും പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കും പഴയ സ്കീമും സിലബസും അനുസരിച്ച് പരീക്ഷ എഴുതുന്നതിന് ഒരവസരം കൂടി നൽകുന്നു. അപേക്ഷ ജൂലൈ 15 നകം വാസ്തുവിദ്യാ ഗുരുകുലത്തിൽ ലഭിക്കണം. ഫോൺ : 0468-2319740, 9947739442.

## വർക്കർ / ഹെൽപ്പർ നിയമനം

ചാവക്കാട് ഐ.സി.ഡി.എസിനു കീഴിലുള്ള പുന്നയൂർക്കുളം പഞ്ചായത്തിലെ അങ്കണവാടികളിലെ വർക്കർ/ ഹെൽപ്പർ സ്ഥിരം ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 നും 46 നും ഇടയിൽ പ്രായമുള്ള വനിതകളായിരിക്കണം അപേക്ഷകർ. പത്താം തരം പാസ്സായവർക്ക് വർക്കർ തസ്തികയിലേക്കും പത്താം തരം പാസ്സാകാത്തവർക്ക് ഹെൽപ്പർ തസ്തികയിലേക്കും അപേക്ഷിക്കാം. അപേക്ഷ ജൂലൈ 20 വരെ ചാവക്കാട് ഐ.സി.ഡി.എസ്. ഓഫീസിൽ സ്വീകരിക്കും. ഫോൺ : 0487 2507707.

## ടെലിവിഷൻ ജേർണലിസം: അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് കെൽട്രോൺ സെന്ററിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം ഒരു വർഷത്തെ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദമുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായ പരിധി ഇല്ല. പഠന കാലയളവിൽ ചാനലുകളിൽ പരിശീലനം, ഇന്റേൺഷിപ്പ് എന്നിവക്കുള്ള അവസരമുണ്ട്. പ്ലേസ്മെന്റ് സഹായവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. ക്ലാസുകൾ ജൂലൈ മാസത്തിൽ കോഴിക്കോട് കെൽട്രോൺ നോളേജ് സെന്ററിൽ ആരംഭിക്കും. www.ksg.keltron.in എന്ന വെബ്സൈറ്റിൽ അപേക്ഷാ ഫോം ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 25. ഫോൺ : 8137969292, 638840883.

## താലൂക്ക് വികസന സമിതി യോഗം

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം ജൂലൈ ആറ് രാവിലെ 10.30 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## അപേക്ഷ ക്ഷണിച്ചു

കെൽട്രോണിൽ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ മാനേജ്മെന്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷാഫോം ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30. വിശദവിവരങ്ങൾ 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ് റോഡ്, വഴുതയ്ക്കാട്. പി.ഒ. തിരുവനന്ത പുരം എന്ന വിലാസത്തിലോ ബന്ധപ്പെടണം.